പശ്ചിമഘട്ടം:
ആദിവാസികൾ

# അവഗണിക്കപ്പെട്ട ആദിവാസി പൈതൃകം

2012 ജൂലായിൽ റഷ്യയിലെ സെന്റ്പീറ്റേഴ്സ്ബർഗിൽ നടന്ന വേൾഡ് ഹെറിറ്റേജ് കമ്മറ്റിയുടെ യോഗം പശ്ചിമഘട്ടത്തിന് ലോക പൈതൃകപദവി നൽകി. അപൂർവ്വവും സമ്പന്നവുമായ സസ്യ, ജൈവ വൈവിധ്യം പരിഗണിച്ചാണ് പശ്ചിമഘട്ടത്തിന് ലോകപൈതൃകപദവി ലഭിച്ചിരിക്കുന്നത്. എന്നാൽ പശ്ചിമഘട്ടത്തിന്റെ മറ്റൊരു പൈതൃകമായ ആദിവാസികളുടെ പല അവകാശങ്ങളും നിഷേധിച്ചുകൊണ്ടാണ് ഇന്ത്യ വേൾഡ് ഹെറിറ്റേജ് കമ്മറ്റിയിൽ നിന്നും പൈതൃകപദവി നേടിയെടുക്കുന്നത്. ആദിവാസി സമൂഹങ്ങളുടെ എതിർപ്പുകളെയും ആദിവാസികളുടെ ആവശ്യങ്ങൾ പരിഗണിച്ച് തീരുമാനം നീട്ടിവയ്ക്കണമെന്ന IUCN ( International Union for Conservation of Nature) ശുപാർശയേയും തള്ളിക്കളഞ്ഞുകൊണ്ടാണ് പശ്ചിമഘട്ടം പൈതൃക പ്രദേശമാകുന്നത്.

സി.ആർ. ബിജോയ്

പരിഭാഷ:
കാര്യാടൻ

**യുനെസ്കോയുടെ** വേൾഡ് ഹെറിറ്റേജ് പദ്ധതി (WHP) ഇന്ത്യക്ക് പുതുമയല്ല. പൈതൃക പദവി ലഭിച്ച 23 സാംസ്കാരിക കേന്ദ്രങ്ങളും ആറ് പരിസ്ഥിതി പ്രദേശങ്ങളും ഇപ്പോൾത്തന്നെ ഇന്ത്യയിലുണ്ട്. 36-ാമത് വേൾഡ് ഹെറിറ്റേജ് കമ്മറ്റി (WHC) 2012 ജൂൺ 24 മുതൽ ജൂലൈ 6 വരെ റഷ്യയിലെ സെന്റ്പീറ്റേഴ്സ് ബർഗ്ഗിൽ യോഗം ചേർന്ന്, പശ്ചിമഘട്ടത്തിനും മേൽപ്പറഞ്ഞ പദവി നൽകുവാൻ തീരുമാനിക്കുകയായിരുന്നു. മറ്റ് 34 ഇടങ്ങളെ സാധ്യതാലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2006ലാണ് പശ്ചിമഘട്ടത്തെ വേൾഡ് ഹെറിറ്റേജ് പദവിക്കായുള്ള സാധ്യതാലിസ്റ്റിൽ ഉൾപ്പെടുത്തിയത്. വകുപ്പ് 7 (അതുല്യവും അങ്ങേയറ്റം സുന്ദരവുമായ പ്രകൃതി പ്രതിഭാസത്തെ സംബന്ധിച്ചുള്ള വകുപ്പ്), മാനദണ്ഡം 10 (ഏറ്റവും പ്രധാനപ്പെട്ട, വളരെയധികം ജൈവ വൈവിധ്യമുള്ള, പരിസ്ഥിതിസംരക്ഷണ ശാസ്ത്രമനുസരിച്ച് ആഗോള പ്രാധാന്യമുള്ള ആവാസവ്യവസ്ഥയെ സംബന്ധിച്ചത്) പ്രകാരമാണ് പശ്ചിമഘട്ടത്തെ വേൾഡ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. എന്നാൽ WHC യുടെ ഉപദേശക സമിതിയായ IUCN (International Union for Conservation of Nature) ഇതുമായി ബന്ധപ്പെട്ട വിലയിരുത്തലുകൾക്കായി കർണ്ണാടക സന്ദർശിച്ചപ്പോൾ ശക്തമായ പ്രതിഷേധ പ്രകടനങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു. ഇതിനെ തുടർന്ന്, പ്രാദേശിക സമൂഹവുമായുള്ള അർത്ഥവത്തായ സഹകരണത്തിന്റെ ആവശ്യം മുൻനിറുത്തി, പശ്ചിമഘട്ടത്തെ WHPയിൽ ഉൾപ്പെടുത്തുന്നത് മാറ്റിവെക്കുവാൻ IUCN 2011 മെയിൽ നിർദ്ദേശിച്ചു. കേരളത്തിലെയും തമിഴ്നാട്ടിലെയും കർണ്ണാടകത്തിലേയും കുറേ ആദിവാസി സംഘടനകൾ, പ്രസക്തമായ വിവരങ്ങൾ WHC തങ്ങൾക്കു കൈമാറാത്തതിനും, തങ്ങളുമായി കൂടിക്കാഴ്ച നടത്തുകയോ തങ്ങളു

ടെ അംഗീകാരം തേടുകയോ ചെയ്യാത്തതിനുമെതിരെ ഒരു സംയുക്ത പ്രസ്താവന ഐക്യരാഷ്ട്ര സഭയുടെ ആദിവാസി പ്രശ്നങ്ങൾക്കായുള്ള സ്ഥിരം സമിതിയിൽ (United Nations Permanent Forum on Indigenous Issues - UNPFII) 2011 മെയിൽ സമർപ്പിക്കുയുമുണ്ടായി. എന്നാൽ ഇന്ത്യ IUCN ശുപാർശകളെ തള്ളിക്കളയാൻ ആവശ്യപ്പെടുകയും WHC യെ സ്വാധീനിച്ച്, 2011 ജൂൺ 21നുള്ള അവരുടെ യോഗത്തിന്റെ അജണ്ടയിൽ പദ്ധതി അംഗീകാരത്തിനുള്ള നിർദ്ദേശം ഉൾപ്പെടുത്തുകയും ചെയ്തു.

വാസ്തവത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് വേറെയും ഒരുപാട് കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. നിശ്ചിത ഹെറിറ്റേജ് സ്ഥലത്തിന്റെ വിസ്തൃതി, സങ്കീർണ്ണതകൾ, സാധ്യത, അനുയോജ്യത എന്നിങ്ങനെതുടങ്ങി പദ്ധതിയുടെ ഗുണദോഷങ്ങൾ നേരിട്ട് അനുഭവിക്കേണ്ടിവരുന്നവരുടെ പ്രശ്നങ്ങൾ, പദ്ധതിയിൽ അവർക്കുള്ള പങ്ക്, പങ്കാളിത്ത ഭരണസാധ്യത എന്നിവയും അവയിൽ ഉൾപ്പെടും. ഇതുകൂടാതെ, WHC ഇന്ത്യയുടെ പരിസ്ഥിതി വനമന്ത്രാലയം നിയോഗിച്ച പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധസമിതി (WGEEP) യുടെ നിർദ്ദേശങ്ങൾ പ്രത്യേകം പരിഗണിക്കണമെന്ന് ഇന്ത്യയോട് ആവശ്യപ്പെടുകയും ചെയ്തു. വിദഗ്ധസമിതി 2011 ആഗസ്റ്റ് 31ന് സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച്:

– പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ പ്രകൃതി സംരക്ഷണം നടത്തുന്നത് ശരിയല്ല.

– തദ്ദേശീയ ജനവിഭാഗങ്ങളുടെയും, പഞ്ചായത്തിന്റെയും നിർദേശങ്ങൾ ഭരണനിർവഹണ ഘട്ടത്തിൽ ആവശ്യമുണ്ട്.

– ഇപ്പോഴത്തെ നിലയിൽ തദ്ദേശീയ സമൂഹത്തിന്റെ പങ്ക് പരിമിതമാണ്

– വനാവകാശ നിയമം ഈ മേഖലയിൽ നടപ്പാക്കിയിട്ടില്ല.

– ഭാവിയിലെ വനഭരണത്തിന് വനാവകാശ നിയമം ആവശ്യമാണ്.

ആദിവാസി പ്രസ്ഥാനങ്ങളുടെ പൊതുപ്രസ്താവനയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതും ആത്മാർത്ഥവുമാണ്. എന്നാൽ അവർ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളെയൊന്നും സ്പർശിക്കാതെയും പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധസമിതി നിർദ്ദേശങ്ങൾ പൂർണ്ണമായും അവഗണിച്ച് കൊണ്ടും ഇന്ത്യ 2012 ജനുവരിയിൽ മറുപടി ബോധിപ്പിച്ചു.

ഇന്ത്യയുടെ ഈ പ്രതികരണം IUCN പരിശോധിക്കുകയും റിപ്പോർട്ടിൽ തൃപ്തരാവാതെ, ലോകപൈതൃക ഇടമാക്കുവാനുള്ള നോമിനേഷന് മാറ്റിവെക്കണമെന്ന് ഒരിക്കൽ കൂടി ശുപാർശ ചെയ്തു. ആദിവാസി സംഘടനകൾ വീണ്ടും തങ്ങളുടെ അവകാശ നിഷേധത്തിനെതിരെ ഐക്യരാഷ്ട്രസഭയിൽ പരാതി ബോധിപ്പിച്ചു. നിർദ്ദിഷ്ട നിർദ്ദേശം നിലവിലുള്ള നിയമങ്ങൾക്ക് തന്നെ നിരക്കാത്തതാണെന്നും 2012 മെയ് മാസത്തിൽ സമർപ്പിച്ച പ്രസ്തുത രേഖയിൽ അവർ വ്യക്തമാക്കി. എന്നിട്ടും IUCN ശുപാർശക്ക് വിരുദ്ധമായി 2012 ജൂൺ 24 മുതൽ ജൂലായ് 6 വരെ നടന്ന 36-ാമത്തെ WHC, പശ്ചിമഘട്ടത്തെ പൈതൃക സ്ഥലമായി അംഗീകരിക്കുകയാണ് ഉണ്ടായത്.

## പശ്ചിമഘട്ട വനനിര

പശ്ചിമഘട്ടം എഴുഭാഗങ്ങളായി 39 സ്ഥലങ്ങൾ അടങ്ങിയതാണ്. കേരളത്തിൽ 19 എണ്ണം (3663.46 ചതുരശ്ര കി.മി.) തമിഴ്നാട്ടിൽ 6 (1729.43 ചതുരശ്ര കി.മി.) കർണ്ണാടകയിൽ 10 (1534 ചതുരശ്ര കി.മി.) മഹാരാഷ്ട്രയിൽ 4 (1026 ചതുരശ്ര കി.മി.). എഴ് ഭാഗങ്ങളിൽ രണ്ടെണ്ണമൊഴിച്ചു അഞ്ചും ഒന്നിൽക്കൂടുതൽ സംസ്ഥാനങ്ങളിലായിട്ടാണ് കിടക്കുന്നത്.

പശ്ചിമഘട്ടം 29 ആദിവാസി ഗോത്രങ്ങളുടെ ആവാസകേന്ദ്രമാണെന്നതാണ് എപ്പോഴും അവഗണിക്കപ്പെടുന്ന വസ്തുത. അവയിൽ 14 ആദിവാസി സമൂഹങ്ങൾ വളരെ പ്രാചീന വർഗ്ഗങ്ങളാണ്; ആധുനികതക്ക് മുന്നിൽ പിടിച്ചുനിലനിൽക്കാൻ കഴിയാത്തവർ. ഇക്കൂട്ടത്തിൽ, നാല് ദശകം മുൻപ് 'കണ്ടുപിടിച്ച' ചോലനായ്ക്കരും ഉൾപ്പെടും. ജെനു കുറുബ (തേൻ സംഭരിക്കുന്നവർ) ബെട്ട കുറുബ (കുട്ട നെയ്യുന്നവർ) ആടിയർ, പണിയർ (ഭൂരഹിതരായ പഴയകാല അടിമകൾ) കാണി, മണ്ണാൻ, മുതുവാൻ, പാലിയ, ഉള്ളാടൻ, മലപ്പുലയർ, ഊരാളി, ഇരുള, കുറിച്യർ എന്നിങ്ങനെ ഒരുപാട് ആദിവാസി വിഭാഗങ്ങൾ ഇതിൽപ്പെടും. മഹാരാഷ്ട്രയിലെ നാല് സ്ഥലങ്ങളിൽ മാത്രം ഇങ്ങനെയുള്ള ആദിവാസി സമൂഹങ്ങളില്ല.

ഏതാണ്ട് 300 കുടികളിലായി എഴുപത്തയ്യായിരത്തിനും ഒരു ലക്ഷത്തിനുമിടയിൽ ആദിവാസികളും നാലായിരത്തോളം ആദിവാസികളല്ലാത്തവരും പശ്ചിമഘട്ടത്തിലുണ്ട്. ലക്ഷകണക്കിന് ആളുകൾ സന്ദർശിക്കുന്ന ആരാധനാലയങ്ങളും ഈ ഭൂപ്രദേശത്തുണ്ട്. പശ്ചിമഘട്ടത്തിൽ ഉടനീളം നിലനിൽക്കുന്ന സാംസ്കാരിക വൈവിധ്യവും ആദിവാസി ജനതകളുടെ പാരസ്പര്യവും അവഗണിക്കപ്പെടുന്നുണ്ട്.

## കാട്ടിനുള്ളിലെ നിയമവാഴ്ച്ച

പശ്ചിമഘട്ടത്തിലെ 39 ഇടങ്ങൾ കേന്ദ്രപരിസ്ഥിതി വകുപ്പിന്റെയും വനംവകുപ്പിന്റെയും നിയന്ത്രണത്തിലാണ്. ഇതിൽ 22 സ്ഥലങ്ങൾ ദേശീയ ഉദ്യാനങ്ങളോ, വന്യജീവി സങ്കേതങ്ങളോ ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സംരക്ഷിത മേഖലകളാണ് (യഥാക്രമം 2028 ചതുരശ്ര കി.മി., 3064 ചതുരശ്ര കി.മി.). കടുവാ സങ്കേതമായി മാറ്റപ്പെട്ടിട്ടുള്ള പ്രദേശം ആകെ 1954 ചതുരശ്ര കി.മി. വരും. മറ്റുള്ളവ റിസർവ് വനങ്ങളും(2144 ചതുരശ്ര കി.മി.) വനം ഡിവിഷനുകളുമാണ് (716 ചതുരശ്ര കി.മി.).

വനങ്ങളെയും വനവിഭാഗങ്ങളെയും സംബന്ധിച്ച് മൂന്ന് പ്രധാന നിയമങ്ങളാണ് ഉള്ളത്:

1. ഇന്ത്യൻ വനനിയമം, 1927
2. വന്യജീവിസംരക്ഷണ നിയമം, 1972
3. വനസംരക്ഷണ നിയമം, 1980

ഈ നിയമങ്ങൾ മാത്രമാണ് വനങ്ങളെ സംബന്ധിച്ച് പ്രസക്തം എന്നാണ് പശ്ചിമഘട്ട പൈതൃക പദവിക്കായി സർക്കാർ നൽകിയ രേഖയിലുള്ളത്. ഈ നിയമങ്ങളിലൂടെയാണ് വനങ്ങൾ ആദ്യം സംസ്ഥാന സർക്കാരുകളുടെ നിയന്ത്ര

ണത്തിൽ വരുന്നത്. മരങ്ങൾ വെട്ടിവിറ്റ് പരമാവധി വരുമാനം ഉണ്ടാക്കുകയായിരുന്നു അതിലൂടെ ഉദ്ദേശിച്ചത്. പിന്നീട് കുറച്ച് പ്രദേശങ്ങൾ സംരക്ഷിത മേഖലകളാക്കി. പെട്ടെന്ന് വളരുന്ന ചില മരങ്ങൾക്കും അവയുടെ തോട്ടങ്ങൾക്കുമായും, ഡാമുകൾക്കും, ഖനനത്തിനും, വികസനത്തിനുമായും വനം നശിപ്പിക്കപ്പെട്ടു. ഇതെല്ലാം വാസ്തവത്തിൽ നടത്തേണ്ടിയിരുന്നത്, മുൻകൂട്ടി അറിയിച്ചുകൊണ്ടുള്ള വനം ഏറ്റെടുക്കലിലൂടെയും, വനവാസികളുടെ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടും, അവർക്കുള്ള നഷ്ടപരിഹാരം നൽകിക്കൊണ്ടുമാണ്. ആദിവാസികളുടെ കാര്യത്തിൽ ഇങ്ങനെയൊന്നുമല്ല സംഭവിച്ചത്. നിയമപ്രകാരം, അവർ അവരുടെ ആവാസകേന്ദ്രങ്ങളിൽ


ചോലനായ്ക്കർ ഗോത്രത്തിലെ ആദിവാസി

ആദിവാസികളുടെ സമ്മതത്തോടെ, ജനാധിപത്യപരമായും ശാസ്ത്രീയമായും കടുവാസങ്കേതങ്ങൾ നിർണ്ണയിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെന്നതാണ് 2006ലെ വനാവകാശ നിയമത്തിന്റെ സവിശേഷത. മനുഷ്യാവാസ കേന്ദ്രങ്ങളുടെ സമ്മതിയോടെ ബഫർ പ്രദേശങ്ങളും പ്രവേശനം നിരോധിക്കപ്പെട്ട മേഖലകളും തീരുമാനിച്ച് വനവാസികളുടെ  ജീവസന്ധാരണ മാർഗ്ഗങ്ങൾ നഷ്ടപ്പെടാതെയുള്ള സമീപനം  ഈ നിയമം ഉറപ്പുവരുത്തി

അതിക്രമിച്ചു കയറിയവരായി; അവർ കുറ്റവാളികളായി. അങ്ങനെ തങ്ങളുടെ ആവാസകേന്ദ്രങ്ങളിൽ നിന്ന് ഒഴിഞ്ഞു പോകുവാൻ അവർ നിർബന്ധിതരായി. പ്രതിഫലമോ പകരം സ്ഥലമോ നേടാനാവാതെ അവർ അവരുടെ കാടുകൾ ഉപേക്ഷിച്ച് പോയി. ഈ സമയത്തെല്ലാം വ്യാപകമായ രീതിയിൽ വനനശീകരണം നടക്കുകയായിരുന്നു. ചുരുക്കത്തിൽ ദുഷ്ക്കരമായ ജീവിത പ്രതിസന്ധിയാണ് അവർ നേരിട്ടത്.

2002 ൽ രാജ്യവ്യാപകമായി ആദിവാസികളെ കാട്ടിൽ നിന്ന് ബലം പ്രയോഗിച്ചു ഇറക്കി വിടാനുള്ള ശ്രമം നടന്നിരുന്നു. ഇതിനെ തുടർന്നുണ്ടായ സമരങ്ങളുടെ ഫലമായി 2006ൽ 1972ലെ വന്യജീവിസംരക്ഷണ നിയമത്തിന് മാറ്റം വരുത്തി. വനാവകാശ നിയമം  (Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act 2006) യാഥാർത്ഥ്യമായി.

ആദിവാസികളുടെ സമ്മതത്തോടെ, ജനാധിപത്യപരമായും ശാസ്ത്രീയമായും കടുവാസങ്കേതങ്ങൾ നിർണ്ണയിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെന്നതാണ് 2006ലെ വനാവകാശ നിയമത്തിന്റെ സവിശേഷത. മനുഷ്യാവാസ കേന്ദ്രങ്ങളുടെ സമ്മതിയോടെ ബഫർ പ്രദേശങ്ങളും പ്രവേശനം നിരോധിക്കപ്പെട്ട മേഖലകളും തീരുമാനിച്ച് വനവാസികളുടെ  ജീവസന്ധാരണ മാർഗ്ഗങ്ങൾ നഷ്ടപ്പെടാതെയുള്ള സമീപനം  ഈ നിയമം ഉറപ്പുവരുത്തി. വനാവകാശനിയമം ആദിവാസികൾക്കെതിരെയുള്ള ചരിത്രപരമായ അനീതികളെ തിരിച്ചറിഞ്ഞ് അത് പരിഹരിക്കുക എന്ന ആവശ്യം അംഗീകരിക്കുകയും ചെയ്തു.

### വനാവകാശ നിയമം അംഗീകരിച്ച കാര്യങ്ങൾ

– കാട്ടിനുള്ളിലെ പൈതൃക ഭൂമിയിലുള്ള വ്യക്തിപരവും പങ്കാളിത്തപരവും സാമൂഹികവുമായ അവകാശം.

– വനം കൈകാര്യം ചെയ്യുന്നതിനും അവകാശങ്ങൾ നിർണ്ണയിക്കാനുമുള്ള ആദിവാസി സമൂഹത്തിനുള്ള നിയമപരമായ അവകാശം.

– പ്രകൃതി/സാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിക്കാനും നിലനിർത്താനും ആദിവാസി സമൂഹത്തിനുള്ള നിയമപരമായ അവകാശം.

– നിരോധിത മേഖലകൾ നിർണ്ണയിക്കാൻ സമൂഹത്തിന്റെ സമ്മതം നിർബന്ധമാണ്.

– സങ്കീർണ്ണ ആവാസ കേന്ദ്രങ്ങളിൽ (critical wildlife habitat) മാറ്റം വരുത്താൻ അനുവദിക്കുകയില്ല.

– എവിടെയും വനം വനേതര ആവശ്യങ്ങൾക്കായി മാറ്റുന്നത് ആദിവാസി സമൂഹങ്ങളുടെ അനുവാദത്തോടെ മാത്രം തീരുമാനിക്കുക.

2005 മുതൽ പൊതുജന–രാഷ്ട്രീയ സംവാദങ്ങൾക്കു  ശേഷമാണ് ഈ നിയമങ്ങൾ ഉരുത്തിരിഞ്ഞുവന്നത്. എന്നിട്ടും കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയം 2010ലെ നിർദ്ദേശങ്ങളിലോ 2012ൽ സമർപ്പിച്ച സപ്ലിമെന്ററി രേഖകളിലോ ഈ അവ

കാശങ്ങളൊന്നും പരാമർശിച്ചില്ല. ചുവപ്പ്നാടയുടെ എതിർപ്പുകളെ തുടർന്ന് തമിഴ്നാട്ടിൽ നിയമം തീരെ നടപ്പാക്കിയിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽ ഭാഗീകമായി നടപ്പിലാക്കി. ഫലമോ എതിർപ്പും വിദ്വേഷവും. സർക്കാറിന്റെയും വനംവകുപ്പ് ഉദ്യോഗസ്ഥരുടേയും വികലനയങ്ങൾ കാരണം വനാശ്രിത സമൂഹങ്ങൾക്ക് നീതി നിഷേധിക്കപ്പെട്ടു. നിർദ്ദിഷ്ട നിമയങ്ങളുടെ നഗ്നമായ ലംഘനം, വന സംബന്ധമായ നിയമങ്ങൾക്ക് വിരുദ്ധമായി കാര്യങ്ങൾ കൊണ്ടുനടക്കാനുള്ള അധികാരം ഉദ്യോഗസ്ഥരിൽ കേന്ദ്രീകൃതമാക്കുകയും തുടർ നടപടികളെക്കുറിച്ച് വ്യക്തമായ സൂചന നൽകുകയും ചെയ്യുന്നു. ഈ വനപ്രദേശങ്ങൾ ലോക പൈതൃക പ്രദേശമാവുന്നതോടെ, നിയമങ്ങൾ മറികടക്കാനും അവകാശങ്ങൾ നിഷേധിക്കാനുമുള്ള പൂർണ്ണ സ്വാതന്ത്ര്യം ചുവപ്പ് നാടയിൽ കുടുങ്ങിക്കിടക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാകുന്നു.

### വനത്തിന് പുറത്തെ നിയമവാഴ്ച

വനത്തിന് പുറത്തുള്ള ആദിവാസികളുടെ നിയമകാര്യവും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. അവിടെയും ഭൂമിയുടെ മേലും വിഭവങ്ങളിലുമുള്ള അവരുടെ അവകാശം ഭാഗികമായോ പൂർണ്ണമായോ നിഷേധിക്കപ്പെടുകയാണ്. ഭൂമി അന്യാധീനമായി പോവുന്നതിനെതിരെയുള്ള നിയമങ്ങൾ പല സംസ്ഥാനങ്ങളിലുമില്ല. കർണ്ണാടകത്തിലും തമിഴ്നാട്ടിലും അങ്ങനൊരു നിയമം പ്രാബല്യത്തിലുണ്ട്. കേരളത്തിൽ 1975ൽ അത്തരമൊരു നിയമം കൊണ്ടുവന്നെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അന്യാധീനപ്പെട്ട ഭൂമിക്ക് പകരം ഭൂമി നൽകാമെന്ന വ്യവസ്ഥ 1996ൽ വന്നെങ്കിലും കോടതിയുടെ ഇടപെടൽ കാരണം അതും ദുർബലമായാണ് നടപ്പിലാക്കപ്പെട്ടത്.

പട്ടിക വർഗ്ഗത്തിന് വേണ്ടിയുള്ള ഭരണഘടനാ ചട്ടം ആർട്ടിക്കിൾ 244 ആണ്. ആർട്ടിക്കിൾ 244(1) അഞ്ചാം ഷെഡ്യൂൾ ഏരിയ പ്രകാരമുള്ള ഗോത്ര വർഗ്ഗങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ളതാണ്. അഞ്ചാം ഷെഡ്യൂൾ ഏരിയ ഉണ്ടെന്ന് പല കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും സാക്ഷ്യപ്പെടുത്തിയിട്ടും കേരളത്തിലും കർണ്ണാടകത്തിലും തമിഴ്നാട്ടിലും അത്തരം സ്ഥലങ്ങൾ പ്രഖ്യാപിക്കാൻ സർക്കാറുകൾക്ക് കഴിഞ്ഞിട്ടില്ല. അക്കാരണത്താൽ, പെസ (Panchayats Extension to Scheduled Areas -PESA) ആക്ട് പ്രകാരമുള്ള സ്വയംഭരണാവകാശങ്ങൾ ഈ സംസ്ഥാനങ്ങളിലെ ആദിവാസികൾക്ക് നിഷേധിക്കപ്പെടുന്നു.

### തദ്ഫലം

– ജീവിതമാർഗ്ഗങ്ങൾക്കും വിഭവങ്ങൾ കൈകാര്യം ചെയ്യലിനും മേലുള്ള സുരക്ഷിതത്വം കുറയുകയും വനത്തിലുള്ള അവകാശം തുടർച്ചയായി നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

– വേൾഡ് ഹെറിറ്റേജ് ലിസ്റ്റിൽ 'പ്രകൃതി പൈതൃകം' എന്നെഴുതി ചേർക്കുന്നതിന് പകരം 'പ്രകൃതി-സാംസ്കാരിക പൈതൃകം' എന്നെഴുതി ചേർക്കേണ്ടിയിരുന്നു.

– ആദിവാസി ഗ്രാമങ്ങളുടെ അതിർത്തി സ്വയം നിർണ്ണയിക്കുവാനും അത്തരം മേഖലകളിലെ വനം സംരക്ഷിക്കുവാനും പൈതൃകങ്ങൾ നിലനിർത്താനുമുള്ള സ്വാഭാവിക അവകാശം ആദിവാസി ഗ്രമങ്ങൾക്ക് നിഷേധിച്ചുകൊണ്ട് വനവകാശ നിയമം തന്നെ ലംഘിക്കപ്പെടുന്നു.

UN DRIP (United Nations Declaration on the Rights of Indigenous Peoples)ഉം ILO (International Labour Organization) കൺവെൻഷൻ 169 ഉം അംഗീകരിച്ച അന്തർദേശീയ നിയമങ്ങളേയും ദേശീയ നിയമങ്ങളേയും അവഗണിച്ചുകൊണ്ട്, നിയമവിരുദ്ധമായി ലോക പൈതൃകപദവി പശ്ചിമഘട്ടത്തെ വിശുദ്ധയാക്കുകയാണുണ്ടായത്.

**ഞായറും തിങ്കളും** **വി.എസ്. ഗിരീശൻ**

